
# ഏജിങ്ങ് ഐസ്

പ്രായവുമായി ബന്ധപ്പെട്ട മാകുലാർ ഡിജനറേഷൻ (എഎംഡി)
രോഗത്തിന്റെ ലക്ഷണങ്ങളും രോഗനിവാരണവും ചികിത്സയും




## മനുഷ്യ നേത്രങ്ങൾ

കണ്ണുകൾ മനുഷ്യ ശരീരത്തിന്റെ ഏറ്റവും സങ്കീർണ്ണമായ അവയവമാണ്.




കാചപടലത്തിൽ കൂടി (കോർണിയ) പ്രവേശിക്കുന്ന പ്രകാശം കണ്ണിന്റെ കൃഷ്ണമണിയിലുള്ള വിടവിൽ കൂടി കടന്നു പോയി ലെൻസിൽ എത്തുന്നു. ലെൻസ് ആകട്ടെ പ്രകാശത്തിനെ കണ്ണിന്റെ പിൻഭാഗത്തുള്ള ആന്തരിക പാളിയായ ദൃഷ്ടിപടലത്തിൽ (റെറ്റിന) കേന്ദ്രീകരിപ്പിക്കുന്നു (ഫോക്കസ് ചെയ്യുന്നു).

## റെറ്റിന





ദൃഷ്ടിപടലത്തിൽ (റെറ്റിനയിൽ) പ്രകാശവുമായി സംവേദിക്കുന്ന കോശങ്ങൾ അഥവാ ഫോട്ടോറിസപ്റ്റേഴ്സ് അടങ്ങിയിരിക്കുന്നു. റോഡ്സ്, കോൺസ് എന്നാണ് ഈ കോശങ്ങളെ വിളിക്കുന്നത്. ദൃഷ്ടിപടലത്തിന്റെ കേന്ദ്രമായ മാകുല ആണ് കൃത്യമായ മദ്ധ്യകാഴ്ച്ച നൽകുന്നത്. മാകുലയിൽ ഉള്ള ഒരു ചെറിയ താഴ്ച്ചയായ ഫോവിയ ആണ് ഏറ്റവും കൃത്യമായ കാഴ്ച്ച നൽകുന്നത്.


ദൃഷ്ടിപടലത്തിലേയ്ക്ക് (റെറ്റിന) പ്രകാശം എത്തുമ്പോൾ ഫോട്ടോറിസപ്റ്റേഴ്സ് കോശങ്ങൾ ഓപ്റ്റിക് നാഡി വഴി മസ്തിഷ്ക്കത്തിലേയ്ക്ക് ഇംപൾസുകൾ അഥവാ ആവേഗങ്ങൾ അയക്കുന്നു. അങ്ങനെ മസ്തിഷ്ക്കം കാഴ്ച്ച തിരിച്ചറിയുന്നു.

## പ്രായവുമായി ബന്ധപ്പെട്ട മാകുലാർ ഡിജനറേഷൻ (എഎംഡി) എന്താണ് ?

ശരീരത്തിന് പ്രായമാകുന്നതിന്റെ ഭാഗമായി പ്രായക്കൂടുതലുള്ള പലർക്കും മാകുലാർ ഡിജനറേഷൻ (മാകുലയുടെ ബലക്ഷയം) സംഭവിക്കും. മാകുലയെ ബാധിക്കുന്ന പല പ്രശ്നങ്ങളും ഉണ്ട്. എന്നാൽ ഇതിൽ ഏറ്റവും സാധാരണമായിട്ടുള്ളത് പ്രായവുമായി ബന്ധപ്പെട്ട മാകുലാർ ഡിജനറേഷൻ (എഎംഡി) ആണ്.







മാകുലാർ ഡിജനറേഷൻ പല കാരണങ്ങൾ കൊണ്ടും സംഭവിക്കാം, ഉദാഹരണത്തിന്:

- റെറ്റിനയ്ക്ക് കീഴിലായി ഡ്രൂസൻ എന്നു വിളിക്കുന്ന ഡിപ്പോസിറ്റുകൾ രൂപമെടുക്കൽ
- ചില സന്ദർഭങ്ങളിൽ റെറ്റിനയ്ക്ക് കീഴിൽ അസ്വാഭാവികമായി രക്തക്കുഴലുകൾ രൂപമെടുക്കാം.


## പ്രായ സംബന്ധിയായ മാക്യുലർ അപചയം എങ്ങനെ സംഭവിക്കുന്നു?



60 വയസ്സിനും അതിൽ കൂടുതലും പ്രായം




പുകവലി



ജനിതകം



ഉയർന്ന രക്ത സമ്മർദ്ദം



ഹൃദ്രോഗം



പൊണ്ണത്തടി




ഉയർന്ന കൊളസ്ട്രോൾ



ആന്റി ഓക്സിഡന്റുകൾ കഴിക്കുന്നത് കുറയൽ

# എഎംഡി യുടെ ഇനം


## ഡ്രൈ എഎംഡി



ഡ്രുസനോടുകൂടിയ നോൺ - നിയോ വാസ്കുലർ മാക്യുലർ ഡിജനറേഷൻ / അപചയം എന്നും അറിയപ്പെടുന്നു. മാക്യുലർ അപചയമുള്ള മിക്കവാറും പേർക്കും ഡ്രൈ രൂപത്തിലായിരിക്കും ഇത് അനുഭവപ്പെടുക. പ്രായാധിക്യം മൂലവും മാക്യുലയിലെ കലകളുടെ കട്ടിക്കുറവും കാരണമാണ് ഈ അവസ്ഥ സംജാതമാക്കപ്പെടുന്നത്.

## വെറ്റ് എഎംഡി

നിയോവാസ്കുലർ മാകുലാർ ഡിജനറേഷൻ എന്നും ഇത് അറിയപ്പെടുന്നു. മാകുലാർ ഡിജനറേഷൻ ഉള്ളവരിൽ ഏകദേശം 10% പേർക്ക് അതിന്റെ വെറ്റ് രൂപമാണ് കാണുന്നത്. ഡ്രൈ രൂപത്തെ അപേക്ഷിച്ച് വെറ്റ് രൂപം മദ്ധ്യഭാഗ കാഴ്ച്ചയ്ക്ക്, അല്ലെങ്കിൽ വിശദമായ കാഴ്ച്ചയ്ക്ക് കൂടുതൽ തകരാറ് ഉണ്ടാക്കിയേക്കാം.




ദൃഷ്ടിപടലത്തിന് കീഴിൽ ആയി അസാധാരണായ രക്തക്കുഴലുകൾ വളരുവാൻ തുടങ്ങുന്നതാണ് വെറ്റ് മാകുലാർ ഡിജനറേഷന്റെ ആദ്യ ലക്ഷണങ്ങൾ. ഇത്തരം രക്തക്കുഴൽ വളർച്ചയെ കൊറോയ്ഡൽ നിയോവാസ്കുലറൈസേഷൻ (സിഎൻവി) എന്നാണ് പറയുന്നത്, കാരണം റെറ്റിനയുടെ കീഴിൽ കൊറോയ്ഡ് എന്നു പറയുന്ന പാളിയിൽ നിന്നുമാണ് ഈ രക്തക്കുഴലുകൾ വളരുന്നത്. ഈ പുതിയ രക്തക്കുഴലുകളിൽ നിന്നും രക്തം വാർന്നു വന്ന് കാഴ്ച്ച മങ്ങലിന് അല്ലെങ്കിൽ മദ്ധ്യഭാഗത്തെ ദൃഷ്ടി വികലമാകുന്നതിന് കാരണമാകും.

ഇത്തരം മാകുലാർ ഡീജനറേഷനിൽ നിന്നുമുള്ള കാഴ്ച്ചനഷ്ടം ഡ്രൈ മാകുലാർ ഡിജനറേഷൻ മൂലമുള്ള കാഴ്ച്ച നഷ്ടത്തേക്കാൾ വേഗത്തിലുള്ളതും കൂടുതൽ ശ്രദ്ധയിൽ പെടുന്നതുമാണ്. വെറ്റ് മാകുലാർ ഡിജനറേഷന്റെ ലക്ഷണങ്ങൾ വേഗം പ്രത്യക്ഷപ്പെടുകയും സാമാന്യം വേഗത്തിൽ അവസ്ഥ മോശമാകുകയും ചെയ്യും.


## അടയാളങ്ങളും ലക്ഷണങ്ങളും




മങ്ങിയ കാഴ്ച



മങ്ങിയ നിറം



കൃത്യമല്ലാത്ത കാഴ്ച




കാഴ്ചയുടെ കേന്ദ്രം നഷ്ടപ്പെടൽ

## എഎംഡി കൈകാര്യം ചെയ്യുന്നതെങ്ങനെ?


### രോഗനിർണ്ണയം:

### ആംസ്ലർ ഗ്രിഡ്




നിങ്ങൾക്ക് ''മാക്യുലർ അപചയം'' ഉണ്ടെങ്കിൽ നിങ്ങൾക്ക് ആംസ്ലർ ഗ്രിഡിൽ സ്വയം പരിശോധിക്കാം. പക്ഷെ ഓർക്കുക, ഇത് ''മൊത്തത്തിലുള്ള'' പരിശോധനയാണ് കാഴ്ചനഷ്ടത്തിന്റെ ആരംഭഘട്ടം കണ്ടുപിടിക്കാൻ കഴിയുകയില്ല.

### ഓപ്ടിക്കൽ കോഹിറൻസ് ടെമോഗ്രഫി (OCT)



ഉയർന്ന റെസല്യൂഷനിലുള്ള ചിത്രങ്ങളോടൊപ്പം റെറ്റിനയുടെ തെളിഞ്ഞ ഇമേജ് നൽകുന്ന ഒരു രോഗനിർണ്ണയ രീതിയാണിത്.

### ഫൺഡസ് ഫ്ലൂറസൻസ് ഇൻ ആഞ്ചിയോഗ്രഫി (FFA)



നേത്രങ്ങളുടെ പിറകുവശത്തിന്റെ അവസ്ഥയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകാനായി നടത്തുന്ന ഒരു സാധാരണ പ്രക്രിയയാണിത്. നിങ്ങളുടെ കൈയിലേക്ക് ഒരു ഡൈ കുത്തിവയ്ക്കപ്പെടുന്നു. ഇത് നിങ്ങളുടെ റെറ്റിനയിലെ രക്തക്കുഴലുകളിലേക്ക് സഞ്ചരിച്ച് ബ്ലോക്കേജുകളുടെ ഫോട്ടോ എടുക്കാൻ സഹായിക്കുന്നു.


## ചികിത്സ :

### ഡ്രൈ എഎംഡി:


മാകുലാർ ഡിജനറേഷന്റെ ഡ്രൈ രൂപത്തിന് തെളിയിക്കപ്പെട്ട ഫലസിദ്ധിയുള്ള യാതൊരു പ്രത്യേക ചികിത്സയും ഇല്ല. എന്നാൽ ആന്റി ഓക്സിഡന്റ് വിറ്റാമിനുകളും സിങ്കും കഴിക്കുന്നത് കൂടുതൽ കടുത്ത ഘട്ടങ്ങളിലേയ്ക്ക് മാകുലാർ ഡിജനറേഷൻ ചില ആളുകളിൽ, പുരോഗമിക്കുന്നത് പതുക്കെ ആക്കുവാൻ സഹായിക്കുമെന്ന് വിപുലമായ ഒരു ശാസ്ത്രീയ പഠനം കാണിച്ചിട്ടുണ്ട്.

### വെറ്റ് എഎംഡി

#### ആന്റി -VEGF ഇൻജെക്ഷൻ തെറാപ്പി:




നിലവിൽ, പ്രായാധിക്യം മൂലമുള്ള വെറ്റ് മാക്യുലർ അപചയത്തിന് ഏറ്റവും സാധാരണവും ഫലപ്രദവുമായ ക്ലിനിക്കൽ ചികിത്സ ആന്റി - VEGF - തെറാപ്പിയാണ് ഇത്. ആന്റി VEGF എന്നറിയപ്പെടുന്ന ഒരു മരുന്ന് ഇൻട്രാവിട്രിയൽ (കണ്ണിനുള്ളിലേക്ക്) ഇൻജക്ട് ചെയ്യുന്നതാണ്



#### ഫോട്ടോ ഡൈനാമിക് തെറാപ്പി (പിഡിടി)

പ്രകാശം കൊണ്ട് സക്രിയമാകുന്ന ഫോട്ടോ സെൻസിറ്റൈസർ എന്നു പറയുന്ന ഒരു ഔഷധവും ഒപ്പം ഒരു സവിശേഷ ലോ-പവർ അല്ലെങ്കിൽ കൂൾ ആയ ലേസർ രശ്മികളുമാണ് ഈ ചികിത്സയിൽ മാകുലയുടെ മദ്ധ്യത്തിലുള്ള വെറ്റ് മാകുലാർ ഡിജനറേഷൻ ചികിത്സിക്കുവാൻ പ്രയോജനപ്പെടുത്തുന്നത്.

#### ലേസർ ചികിത്സ





വെറ്റ് ARMD ക്കുള്ള മറ്റൊരു ചികിത്സയാണ് ലേസർ ഫോട്ടോകൊയാഗുലേഷൻ. ഈ ചികിത്സയിൽ ലേസർ ലൈറ്റ് ഉപയോഗിച്ച് പുതിയ രക്തക്കുഴലുകൾ അടയ്ക്കുകവഴി ലീക്കേജ് തടയുന്നു.

#### പതിവ് പരിചരണം

എഎംഡി തടയുവാനോ അതിന്റെ പുരോഗതി പതുക്കെ ആക്കുവാനോ സഹായിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ:

- പതിവായി വ്യായാമം ചെയ്യുക
- വേവിക്കാത്ത പാലക് ചീരപോലെ ഇരുണ്ട പച്ചനിറമുള്ള ഇലക്കറികൾ കഴിക്കുക
- നിങ്ങളുടെ രക്തത്തിലെ പഞ്ചസാരയും കൊളസ്ട്രോളും നിയന്ത്രിച്ച് നിർത്തുക
- കണ്ണിന് തകരാറുണ്ടാക്കിയേക്കാവുന്ന ബ്ലൂ പ്രകാശവും യുവി രശ്മികളും തടയുവാൻ ഉചിതമായ സൺഗ്ലാസ്സ് (കണ്ണട) ഉപയോഗിക്കുക.
- കണ്ണിന്റെ ആരോഗ്യം കാത്തു സൂക്ഷിക്കുന്നതിന് ചുരുങ്ങിയത് വർഷത്തിൽ ഒരിക്കലെങ്കിലും നിങ്ങളുടെ കണ്ണ് ഡോക്ടറെ കാണുക.
- പുകവലിയും മദ്യപാനവും ഒഴിവാക്കുക. കാരണം, ഇവ രണ്ടും നിങ്ങളുടെ കാഴ്ച്ചയെ ബാധിച്ചേക്കാം.







# ആന്റി - VEGF ഇൻജക്ഷൻ തെറാപ്പി

ഇത് പ്രായാധിക്യം മൂലമുള്ള വെറ്റ് മാക്യുലർ അപചയത്തിനുള്ള അംഗീകൃതമായ മരുന്നാണ്.

## ഇത് എങ്ങനെ പ്രവർത്തിക്കുന്നു?





ഇത് റെറ്റിനയ്ക്കു പിറകിൽ പുതിയ രക്തക്കുഴലുകൾ ഉണ്ടാകുന്നത് തടയുകയും റെറ്റിനയിൽ ലീക്കേജ് ഇല്ലാതെ സംരക്ഷിക്കുകയും തുടർന്നുള്ള കാഴ്ചനഷ്ടത്തിന്റെ അപായസാദ്ധ്യത കുറയ്ക്കുകയും ചെയ്യുന്നു.

മരുന്നിന്റെ പ്രഭാവം ഒരു മാസമോ അതിലധികമോ നീണ്ടുനിൽക്കും, അതുകൊണ്ട് നിങ്ങൾ എടുക്കുന്ന ഇൻജക്ഷന്റെ എണ്ണം നിങ്ങളുടെ അവസ്ഥയെയും നിങ്ങളുടെ ഡോക്ടറുടെ ഉപദേശത്തെയും ആശ്രയിച്ചിരിക്കും.

## പ്രയോജനങ്ങൾ

ആന്റി-VEGF ഇൻജെക്ഷൻ ഉപയോഗിച്ചുള്ള ചികിത്സ സുപ്രധാന കാഴ്ചശേഷികളെയും (നിറം, ബ്രൈറ്റ്നെസ്സ്, സൂക്ഷ്മത) വായന, ടെലിവിഷൻ കാണൽ, ഡ്രൈവിംഗ് എന്നിങ്ങനെ ജീവിത ഗുണനിലവാരത്തെ സ്വാധീനിക്കുന്ന ഘടകങ്ങളെയും മെച്ചപ്പെടുത്തുന്നു.





**നിഷേധ പ്രസ്താവന :** ഈ കാര്യങ്ങൾ വിവരങ്ങൾ നൽകുന്നതിനുവേണ്ടി മാത്രമാണ്. ഇത്, ഒരു ഡോക്ടറുടെയോ ആരോഗ്യമേഖലയിലെ പ്രൊഫഷണലുകളുടെയോ ഉപദേശത്തിനു പകരമാകുന്നില്ല. കൃത്യവും കൃത്യസമയത്തുള്ളതുമായ വിവരങ്ങൾ നൽകാൻ ഞങ്ങൾ കിണഞ്ഞു പരിശ്രമിക്കുന്നു. പക്ഷെ ഇക്കാര്യത്തിൽ ഉറപ്പുനൽകുന്നില്ല. നിങ്ങൾ നേത്ര വിദഗ്ദ്ധനെയോ ആരോഗ്യമേഖലയിലെ പ്രൊഫഷണലിനെയോ കൺസൾട്ട് ചെയ്യേണ്ടതും അവരുടെ ഉപദേശ പ്രകാരം നീങ്ങേണ്ടതുമാണ്.

INTAS

**INTAS PHARMACEUTICALS LIMITED**

Near Sola Bridge, S.G. Highway, Thaltej,
Ahmedabad – 380054, Gujarat, INDIA.
Website : www.intaspharma.com

RAZUMAB™
Ranibizumab 0.5 mg Injection